ഡോ. ഇശ്തിയാഖ് ഹുസൈൻ ഖുറൈശി
വിവർത്തനം: വി.എ കബീർ

# മൗദൂദിയും ഇന്ത്യാവിഭജനവും

**[പാക്കിസ്ഥാനിലെ പ്രമുഖ ബുദ്ധിജീവികളിലൊരാളും കറാച്ചി യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായിരുന്നു ലേഖകൻ. ഏതാനും വർഷങ്ങൾക്ക് മുമ്പ് നിര്യാതനായി മൗലാനാ മൗദൂദി മുസ്‌ലിംലീഗിനെ ദ്വിരാഷ്ട്രവാദം പഠിപ്പിച്ചയാളാണെന്നും അദ്ദേഹം വിഭജനത്തിനുവേണ്ടി വാദിച്ചുവെന്നും ഇവിടെ പ്രചാരണം നടക്കുന്ന പശ്ചാത്തലത്തിൽ, മറുവശത്തേക്ക് വെളിച്ചം വീശാൻ പര്യാപ്തമാണ് പാക്കിസ്ഥാനിൽ നിന്നുകൊണ്ട് മാന്യലേഖകൻ നടത്തിയ വിമർശനാത്മക വിലയിരുത്തൽ]**

മൗദൂദി പാരമ്പര്യ സമ്പ്രദായത്തിൽ വിദ്യാഭ്യാസം ചെയ്ത വ്യക്തിയായിരുന്നില്ല. മതപാഠശാലയിലോ പാശ്ചാത്യ രീതിയിലുള്ള വിദ്യാലയങ്ങളിലോ ചേർന്ന് പഠിച്ചിട്ടില്ല അദ്ദേഹം. വിദ്യാഭ്യാസം അവഗണിക്കപ്പെട്ടു എന്നല്ല ഇതിനർഥം. അസാധാരണമായ ബുദ്ധിവൈഭവത്തോടൊപ്പം തന്നെ പ്രാഥമിക ഘട്ടത്തിൽ ഒരു വിടവ് തീർച്ചയായും ഉണ്ടായിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ ഗ്രഹണപാഠവവും പ്രതിഭാശാലിത്വവും ആ വിടവു പരിഹരിച്ചു. ജീവിതത്തിൽ പ്രസ്താവ്യമായ ഭാഗം അഭിനയിക്കാൻ വിജ്ഞാനമാർജ്ജിക്കുന്നതിൽ ആമഗ്നനായിത്തീർന്നു. അദ്ദേഹത്തിന് ലഭിച്ച ഈ വിദ്യാഭ്യാസരീതി തികച്ചും അപൂർവ സ്വഭാവത്തോട് കൂടിയതായിരുന്നു. ഇത് അദ്ദേഹത്തിന് യാതൊരു കോട്ടവും വരുത്തിയില്ല, മറിച്ച് നല്ല നേട്ടമായിത്തീർന്നു. കാരണം അദ്ദേഹത്തിന്റെ ധിഷണക്ക് പാരമ്പര്യചിന്തകളുടെ ചങ്ങലക്കെട്ടുകളിൽനിന്ന് മോചനം നേടാൻ ഇത് സഹായകമായിത്തീർന്നു. ഉർദു, അറബി, ഫാർസി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പൂർണനൈപുണ്യം കരസ്ഥമാക്കി. ഇംഗ്ലീഷ് അദ്ദേഹം സ്വകാര്യമായാണ് പഠിച്ചത്. പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ച അദ്ദേഹം 18-ാം വയസ്സിൽ 'മുസ്‌ലിമി'ന്റെ എഡിറ്ററായി. 'മുസ്‌ലിം' നിന്നപ്പോൾ 'ജംയ്യത്തുൽ ഉലമാ ഹിന്ദി'ന്റെ അൽ ജംഇയ്യത്ത് പത്രത്തിൽ എഡിറ്ററായി വന്നു അദ്ദേഹം. 1923-ൽ 'മുസ്‌ലിമി'ന്റെ പ്രസിദ്ധീകരണം നിലച്ചപ്പോൾ മൗ. മുഹമ്മദലി, 'ഹംദർദി'ന്റെ പത്രാധിപസ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. ഹംദർദു പ്രസിദ്ധമായിട്ടും അതിൽ ചേരാതെ അൽ ജംഇയ്യത്ത് ഏറ്റെടുത്തത് അതിൽ ലഭ്യമായ സ്വാതന്ത്ര്യം കാരണമായിരുന്നു. ഗൗരവപൂർവമായ പത്രപ്രവർത്തനത്തിൽ വിശ്വസസിച്ചിരുന്ന മൗലാനാ പത്രത്തിന്റെ സർക്കുലേഷൻ വർധിപ്പിക്കാൻ തരം താണ ശൈലി സ്വീകരിക്കാൻ സന്നദ്ധനായിരുന്നില്ല. അതിനാൽ 1928-ൽ അൽ ജംഇയ്യത്തിനോടും അദ്ദേഹം വിടവാങ്ങി. അൽ ജംഇയ്യത്ത് പത്രാധിപരായിരിക്കെയാണ് ഉസ്മാനിയാ യൂനിവേഴ്സിറ്റിക്ക് വേണ്ടി 'അൽഹിക്മ ഫിൽ അസ്ഫാറിൽ അഖ്‌ലിയ്യ' എന്ന കനപ്പെട്ട ദാർശനികകൃതി രണ്ട് ഭാഗങ്ങളിലായി അദ്ദേഹം പേർഷ്യനിൽനിന്ന് ഉർദുവിലേക്ക് പരിഭാഷപ്പെടുത്തിയത്. 1931-ൽ തന്റെ ആശയങ്ങളുടെ പ്രചാരണത്തിനായി മൗ. അബൂ മുഹമ്മദ് മുസ്‌ലിഹിൽനിന്ന് 'തർജുമാനുൽ ഖുർആൻ' ഏറ്റെടുത്തു. ഉന്നതനിലവാരം പുലർത്തുന്ന ലേഖനങ്ങൾ മാത്രം പ്രസിദ്ധീകരിച്ചുപോന്ന തർജുമാന് ചെറിയൊരു വായനാവൃത്തമേ ഉണ്ടായിരുന്നുള്ളൂ. അൽ ജംഇയ്യത്തും മൗ. അബ്ദുൽ മാജിദ് ദർയാബാദിയുടെ 'സിദ്ഖും' തർജുമാൻ വാങ്ങി വായിക്കാൻ വായനക്കാരോടു അപേക്ഷിച്ചുവെങ്കിലും പെട്ടന്നതിന് പ്രതികരണമുണ്ടായില്ല. വായനക്കാരെ ആകർഷിക്കാൻ നിലവാരം കുറക്കുകയോ സാമ്പത്തിക സഹായത്തിന് ഒരു വാതിലും മുട്ടിനോക്കുകയോ ചെയ്തുമില്ല. വളരെ മന്ദഗതിയിലാണ് പത്രത്തിന്റെ പ്രചാരണം കൂടിവന്നത്. അതിൽ പ്രത്യക്ഷപ്പെട്ട പല ലേഖനപരമ്പരകളും പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

1937 വരെ ഉന്നതനായൊരു ഇസ്‌ലാമിക ചിന്തകകനും എഴുത്തുകാരനുമെന്ന നിലയിലായിരുന്നു മൗദൂദിയുടെ പ്രസിദ്ധി. രാഷ്ട്രീയ ചർച്ചകളിലും അപഗ്രഥനങ്ങളിലും ഇക്കാലത്ത് അദ്ദേഹം ഇടപെട്ടിരുന്നില്ല. കാരണം, അതിന്റെ ആവശ്യമേ അന്ന് അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നില്ല. 1937-ലെ തെരഞ്ഞെടുപ്പിൽ ഹിന്ദു ഭൂരിപക്ഷ മേഖലകളിൽ മുഴുവൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വൻഭൂരിപക്ഷത്തോടെ വിജയിച്ചു. സ്വന്തം നിലക്ക് ഇതിൽ വേവലാതിപ്പെടാനൊന്നുമില്ലായിരുന്നു. പക്ഷേ, ഇന്ത്യയിൽ ഒരു സമുദായം മാത്രമല്ല ജീവിക്കുന്നതെന്ന യാഥാർഥ്യം പോലും കോൺഗ്രസ് നേതാക്കൾ വിസ്മരിക്കാൻ തുടങ്ങി. ഏകദേശീയ ജനവിഭാഗം ഭരിക്കുന്നിടങ്ങളിലേത്പോലുള്ള ജനാധിപത്യ പാർലിമെന്ററി രീതികൾ സ്വീകരിക്കാനാണ് അവർ ഒരുമ്പെട്ടത്. അതോടെ ദേശീയതയുടെ പ്രശ്നമുൽഭവിച്ചു. പ്രായോഗികതലത്തിൽ മുസ്‌ലിംകൾക്ക് പലപ്പോഴും നീതി നിഷേധിക്കപ്പെട്ടു.

മുസ്‌ലിംകൾക്കും കോൺഗ്രസ് പ്രസ്ഥാനത്തിനുമിടയിൽ പൊതുവായ ഒന്നുമില്ലെന്ന നിഗമനത്തിലെത്തി. നിയമങ്ങൾ, അടിസ്ഥാന സിദ്ധാന്തങ്ങൾ, മാർഗങ്ങൾ എല്ലാം വ്യത്യസ്തം. കോൺഗ്രസ്സിന്റെ നയങ്ങളെ കുറിച്ച് മൗദൂദി നടത്തിയ സൂക്ഷ്മമായ അപഗ്രഥനങ്ങൾ പലരുടെയും കണ്ണു തുറപ്പിച്ചു. മൗദൂദിക്ക് അതുവഴി വളരെയൊന്നും അനുയായികളെ കിട്ടിയെല്ലെങ്കിലും ബുദ്ധിശാലികളും നിഷ്കളങ്കരുമായ ചില കോൺഗ്രസ്സുകാർ ലീഗിലേക്ക് കൂറുമാറാൻ അത് കാരണമായിത്തീർന്നു. ഏക ദേശിയതാവാദം മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണെന്ന ആശയമാണ് മുസ്‌ലിം ബുദ്ധിജീവികളുടെ മുമ്പാകെ മൗദൂദി സമർഥിച്ചത്. പലരും അതിൽനിന്ന് സ്വാഭാവികമായും മനസ്സിലാക്കിയത് ഉപഭൂഖണ്ഡത്തിലെ മുസ്‌ലിംകളുടെ ഏക ലക്ഷ്യം പാക്കിസ്ഥാൻ സംസ്ഥാപനമാവണമെന്നാണ്. പക്ഷേ, മൗദൂദിയുടെ പ്രതികരണം സ്വൽപം സങ്കീർണമായിരുന്നു. ചർച്ചാവിഷയത്തിന്റെയും സമകാലീന രാഷ്ട്രീയ ചർച്ചകളുടെയും പശ്ചാത്തലത്തിൽ ഇത് കൂടുതൽ വിശദീകരണമർഹിക്കുന്നുണ്ട്. മൗദൂദി ഏക ദേശീയതാ സിദ്ധാന്തത്തെ എതിർത്തത് മുസ്‌ലിംകൾ ഇന്ത്യൻ പരിസ്ഥിതിയിൽ അലിഞ്ഞുചേരാൻ ഇഷ്ടപ്പെടുകയാണെങ്കിൽ അവർ ഇസ്‌ലാമിൽനിന്ന് അകന്ന് പോവുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതിനാലാണ്. മുസ്‌ലിംകളെക്കാൾ

ഇസ്‌ലാമിന്നോടായിരുന്നു അദ്ദേഹത്തിന് താൽപര്യം. കാരണം, ഏതെങ്കിലും സാമൂഹ്യ ഗ്രൂപ്പുമായോ ദേശീയ സാകല്യവുമായോ ബന്ധപ്പെട്ടതുകൊണ്ടല്ല മുസ്‌ലിംകൾ മുസ്‌ലിംകളായിരിക്കുന്നത്; അവർ ഇസ്‌ലാമിനെ അംഗീകരിക്കുന്നു എന്നതുകൊണ്ടാണ്. മുസ്‌ലിം മനസ്സുകളിൽ ഇസ്‌ലാമിനെ ദൃഢപ്രതിഷ്ഠിക്കുന്നതിനാണ് അതിനാൽ അദ്ദേഹം മുൻഗണന കൽപിച്ചത്. കേവലം വാചികാവേശത്തിലുപരി ഇസ്‌ലാമിൽ ആത്മാർഥമായി വിശ്വസിക്കുന്ന ഒരു ബന്ധത്തിലൂടെ മാത്രമേ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ. വ്യക്തികതവും സാമൂഹ്യവുമായ ദിശകളിലേക്ക് മാർഗദർശനം ചെയ്യാത്ത കാലത്തോളം കേവല വിശ്വാസം കൊണ്ടു ഫലമുണ്ടാവുകയില്ല. ഇത്തരം ഒരു സംഘം നിലവിലുണ്ടായിരുന്നില്ല; അവരെ ഇനി ഉണ്ടാക്കിയിട്ട് വേണം. കേവലം പാരമ്പര്യ മതമെന്നതിനു പകരം ഇസ്‌ലാമിനെ ചലനാത്മകമായി അവതരിപ്പിക്കുന്നതിലൂടെ മാത്രമേ അത്തരം ഒരു സംഘത്തെ നിലവിൽ കൊണ്ടുവരാൻ സാധിക്കൂ. അങ്ങനെയാണ് അദ്ദേഹം ജമാഅത്തെ ഇസ്‌ലാമിക്ക് അടിത്തറയിട്ടത്. അദ്ദേഹം മുസ്‌ലിംലീഗിനെ എതിർത്തു. കമ്യൂണിസ്റ്റുകളും നിർമതരും മുസ്‌ലിം ദേശീയവാദികളും മുസ്‌ലിംകളും അമുസ്‌ലിംകളും, ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കുന്നവരും ഒരിക്കലും പ്രായോഗിക ജീവിതത്തിൽ ഇസ്‌ലാമിന് സ്ഥാനം നൽകാത്തവരുമെല്ലാം അടങ്ങുന്നതാണ് മുസ്‌ലിംലീഗിന്റെ അണി എന്ന് അദ്ദേഹം കണ്ടു. ഇത്തരം ഒരു സംഘടനക്ക് ഇസ്‌ലാമിന്റെ ഉയിർത്തെഴുന്നേൽപിൽ എന്ത് പങ്കാണ് വഹിക്കാൻ കഴിയുക എന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായമായ സംശയം. എല്ലാ മതങ്ങളും വിശിഷ്യാ ഇസ്‌ലാമിക വിശ്വാസ പ്രമാണങ്ങൾ വമ്പിച്ച ആക്രമണത്തിന് വിധേയമായിക്കൊണ്ടിരുന്നു; ഇസ്‌ലാം ആഭ്യന്തരവും വൈദേശികവുമായ സമ്മർദ്ദങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നു. ഉത്തമ മുസ്‌ലിംകളിൽ പോലും ചാഞ്ചല്യം തുടങ്ങിയിരിക്കുന്നു. അതിനാൽ കേവലം മുസ്‌ലിം ദേശീയതകൊണ്ടുമാത്രം കാര്യമായില്ല. പ്രവർത്തനത്തിന് മറ്റേതെങ്കിലും ദിശ നൽകേണ്ടത് അത്യാവശ്യമായിരുന്നു.

മുസ്‌ലിംലീഗുമായി സഹകരിക്കുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. "ദയവായി അതിനെപ്പറ്റി ചിന്തിക്കാതിരിക്കുക. ചില അഭിപ്രായവ്യത്യാസങ്ങൾ കാരണം ലീഗിൽ ചേരാൻ എനിക്ക് വയ്യ. സഹകരിക്കുകയാണെങ്കിൽ എങ്ങനെ സഹകരിക്കാമെന്ന് എനിക്ക് മനസ്സിലാകുന്നില്ല എന്നതാണ് എന്നെ അലട്ടുന്ന പ്രശ്നം. കാരണം, ഭാഗികമായ പരിഹാരങ്ങൾ എന്നെ ആകർഷിക്കുന്നില്ല. ഭാഗികപ്രവർത്തനങ്ങളിൽ എനിക്ക് ഒരിക്കലും താൽപര്യമുണ്ടായിട്ടില്ല."

ഈ നിലപാടിന് യുക്തിപരമായയൊരു മറുപടി അസാധ്യമായിരുന്നു. എന്നാൽ, മുസ്‌ലിംകൾ തരണം ചെയ്തുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതികൾ അദ്ദേഹം മനസ്സിലാക്കിയില്ല. കാലത്തിനെതിരെ കാഹളമൂതുകയായിരുന്നു അദ്ദേഹം. ഇംഗ്ലീഷുകാരിൽനിന്ന് മോചനം നേടേണ്ടതുണ്ട്. പക്ഷെ, മുസ്‌ലിംകളെ സംസ്കരിക്കുകയും മുസ്‌ലിംലീഗിനെ അശുദ്ധ ഘടകങ്ങളിൽനിന്ന് മോചിപ്പിക്കുകയും ചെയ്തിട്ട് സ്വാതന്ത്ര്യം നേടാമെന്നാണെങ്കിൽ അതിന്ന് പിന്നെ സമയമുണ്ടാവില്ല. നേരത്തെതന്നെ രണ്ട് മുന്നണികളിൽ പൊരുതുകയായിരുന്നു ലീഗ്; ഒരു വശത്ത് ഹിന്ദുക്കളും മറ്റൊരു വശത്ത് ഇംഗ്ലീഷുകാരും. ശക്തിയിലും വിഭവങ്ങളിലും രണ്ടു കൂട്ടരും മുൻതൂക്കമുള്ളവർ. പൊതുവായ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ ഘടകങ്ങളെയും ലീഗ് നേതൃത്വത്തിനാവശ്യമായിരുന്നു. അപ്പോൾ ലീഗ് എങ്ങനെ ശുദ്ധീകരണം സാധിക്കും?

പാക്കിസ്ഥാൻ നിസ്സംശയം ഒരു ഭാഗിക പരിഹാരം മാത്രമായിരുന്നു. അതായിരുന്നു മൗ. മൗദൂദിയുടെ ഒരു പ്രശ്നം. കാരണം, പാക്കിസ്ഥാൻ നിലവിൽ വന്നാൽ ഇന്ത്യയിൽ അവശേഷിക്കുന്ന മുസ്‌ലിംകളുടെ സുരക്ഷിതത്വത്തിനും ഇസ്‌ലാമികാടിസ്ഥാനത്തിലുള്ള അവരുടെ പുരോഗതിക്കും യാതൊരു ഉറപ്പുമില്ലായിരുന്നു. കൂടാതെ, ഭാരതത്തിൽ ഇസ്‌ലാമിന് എന്ത് സംഭവിക്കുമെന്നതായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനം. ഇസ്‌ലാമിന്റെ ഭാഗിക രക്ഷക്ക് പകരം, ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിന്റെ പരിപൂർണ രക്ഷക്കുള്ള മാർഗം കണ്ടെത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അങ്ങനെ അദ്ദേഹം മൂന്ന് ബദൽ മാർഗങ്ങൾ സമർപ്പിച്ചു. അതിൽ സ്വാതന്ത്ര്യവും സ്വയംഭരണാധികാരവുമുള്ള പാക്കിസ്ഥാൻ ഉൾപെട്ടിരുന്നില്ല. അവിഭക്ത ഭാരതത്തിൽ സ്വയംഭരണാധികാരമുള്ള മുസ്‌ലിം ജനത നിലവിൽ വരിക. ഉപഭൂഖണ്ഡത്തിൽ സ്വയംഭരണാധികാരമുള്ള മതഗ്രൂപ്പുകളുടെ കോൺഫെഡറേഷന്റെ രാഷ്ട്രീയ രൂപരേഖ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. അതുപ്രകാരം ഓരോ മതഗ്രൂപ്പിനും തങ്ങളുടെ വിദ്യാഭ്യാസ മതകാര്യങ്ങളിലും സാമൂഹ്യ സ്ഥാപനങ്ങളിലും പൂർണനിയന്ത്രണമുണ്ടായിരിക്കും. സ്വയംഭരണാധികാരവും അധികാരവമുള്ള സ്ഥാപനങ്ങളെന്ന നിലയിൽ ഇവ അംഗീകരിക്കപ്പെടണം. ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കാനും അതിന്ന് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ തടയാനും പൂർണമായ അധികാരമുണ്ടായിരിക്കണം. കോൺഫെഡറേഷനിലെ ഘടകങ്ങൾ സമാനമായ അധികാരം പങ്ക്‌വയ്ക്കത്തക്കവിധത്തിലുള്ളതാണ് ഫെഡറൽ കേന്ദ്രത്തിന്റെ ഘടന. ഇത് സാധ്യമല്ലെങ്കിൽ സംസ്കാരികാടിസ്ഥാനത്തിലുള്ള സ്വയംഭരണാധികാര സ്റ്റേറ്റുകൾ രൂപീകരിക്കുക എന്നതായിരുന്നു രണ്ടാമത്തെ മാർഗം. 25 വർഷത്തിനുള്ളിൽ ഒരു കൾച്ചറൽ വിഭാഗത്തിന് തങ്ങൾക്കിഷ്ടപ്പെട്ട സ്റ്റേറ്റിൽ അധിവസിക്കാൻ അനുമതിയുണ്ടായിരിക്കും. ഇത്പ്രകാരവും മുസ്‌ലിം ജനസൂഹങ്ങൾക്ക് ഇസ്‌ലാമികജീവിതരീതിയും മുസ്‌ലിം സംസ്കാരവും സുരക്ഷിതമായിടത്ത് കേന്ദ്രീകരിക്കാൻ സാധിക്കുന്നതാണ്. മൂന്നാമത് നിർദേശിക്കപ്പെട്ട ബദൽമാർഗം രണ്ട് ഫെഡറേഷനുകൾ ചേർന്ന് ഒരു കോൺഫെഡറേഷനാക്കുക എന്നായിരുന്നു. ഒരു ഫെഡറേഷനിൽ മുസ്‌ലിം ഭൂരിപക്ഷ സംസ്ഥാനങ്ങളും മറ്റേതിൽ ഹിന്ദു ഭൂരിപക്ഷ സ്റ്റേറ്റുകളും. പ്രതിരോധം, ഗതാഗതം, വ്യാപാരം തുടങ്ങി ഉഭയ താൽപര്യ പ്രവർത്തികളൊക്കെ കോൺഫെഡറേഷന്റെ കീഴിൽ വരും.

മൂന്ന് ബദൽ മാർഗങ്ങളുടെയും വിജയം ഭരണഘടനാപരമായ ഉറപ്പിൽ പരിമിതമായിരുന്നു. കൂടുതൽ ശക്തിയും സ്വന്തം ഇഷ്ടം അംഗീകരിപ്പിക്കാൻ ബലവുമുള്ള കക്ഷികൾക്ക് അത് ലംഘിക്കാൻ സാധിക്കുമായിരുന്നു. ഈ നിർദിഷ്ട ഫെഡറേനുകൾക്ക് കോൺഫെഡറേഷനു കീഴിൽ സേഛാധികാര സ്ഥാപനങ്ങളും -സായുധസേനകൾ- ഉണ്ടായിരുന്നു. ശക്തരായ ഭൂരിപക്ഷത്തിന്റെ ആക്രമത്തിന് മുമ്പിൽ മൗലികാവശ്യങ്ങളുടെ -ന്യൂനപക്ഷ താൽപര്യങ്ങളുടെ- സുരക്ഷിതത്വം അപകടപ്പെടുമെന്ന് മൗ. മൗദൂദിക്ക് അറിയാതെയല്ല. എന്നിട്ടും അത്തരം സാധ്യതകൾ അദ്ദേഹം ഗൗനിച്ചില്ല എന്നത് അമ്പരപ്പിക്കുന്ന കാര്യമത്രെ. ഭരണഘടനാപരമായ ഉറപ്പുകൾക്ക് കീഴിൽ അക്രമി ഭൂരിപക്ഷത്തോടൊപ്പം വമ്പിച്ച ന്യൂനപക്ഷത്തിന്റെ പൊതുവായ ചരിത്രാനുഭവങ്ങൾ പരിഗണിക്കുകയാണെങ്കിൽ മൗദൂദി ഒരു സംയുക്ത ഇന്ത്യൻ സാകല്യത്തിൽ ആശിച്ച ഇസ്‌ലാമിന് സുരക്ഷിതത്വവും മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യവും സജ്ജമാക്കിക്കൊടുക്കുന്ന ഭരണഘടനാപരമായ എല്ലാ ഗ്യാരണ്ടികളും പരാജയപ്പെടുമെന്നത് തീർച്ചയാണ്. രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ടുമാത്രം ഇസ്‌ലാമിന്റെ ഉയർച്ച സാധിക്കുകയില്ലെന്നത് ശരിതന്നെ. എന്നാൽ, സ്വാതന്ത്ര്യം തന്നെ ലഭിക്കുന്നില്ലെങ്കിൽ അതിന്റെ സാധ്യതപോലും ഇല്ലാതായിത്തീരകയാണ് ചെയ്യുന്നത്. പക്ഷെ, മൗലാനയുടെ ദൃഷ്ടിപഥത്തിൽ ഈ വസ്തുത പതിഞ്ഞില്ല. അതിനാൽ പ്രശ്നത്തിന്റെ രാഷ്ട്രീയ പരിഹാരത്തിന്റെ പിന്നാലെ അദ്ദേഹം പായുകയുണ്ടായില്ല. സ്വയംഭരണാധികാരം, ഫെഡറേഷൻ, കോൺഫെഡറേഷൻ തുടങ്ങിയ പദ്ധതികളൊക്കെ മുസ്‌ലിം നേതൃത്വം ആലോചിച്ചിരുന്നത് തന്നെയാണ്. ഒടുവിൽ പാക്കിസ്ഥാനല്ലാതെ മറ്റൊരു ബദൽ പദ്ധതിയുമില്ലന്ന തീരുമാനത്തെലെത്തുകയാണുണ്ടായത്.